(ബി) ഉണ്ടെങ്കിൽ ഈ കേസ്സിൽ എത്ര പ്രതികൾ ഉണ്ട്, അവരെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(സി) ഈ സംഭവത്തിൽ ഇലക്ട്രിക്കൽ വിംഗിന്റെ റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ റിപ്പോർട്ടിലെ വിവരം എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. കാസർഗോഡ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 885/2014 പ്രകാരം ഫയർ ഒക്കറൻസ് ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഈ കേസിൽ ഇതുവരെയുള്ള അന്വേഷണത്തിൽ പ്രതികളായി ആരെയും സംശയിക്കത്തക്കവിധം വിവരം ലഭിച്ചിട്ടില്ല.

(സി) ഇലക്ട്രിക്കൽ വിംഗിന്റെ റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല.

**ഓപ്പറേഷൻ കുബേര**

215 (3849) ശ്രീ. സി. ദിവാകരൻ :

ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. കെ. രാജു :

ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓപ്പറേഷൻ കുബേര എന്നുമുതലാണ് നടപ്പാക്കിയത്; ഈ പദ്ധതി പ്രകാരം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എത്ര പേരെ അറസ്റ്റ് ചെയ്തു ; എത്ര കേസ്സുകൾ ഇതുവരെയായി ചാർജ് ചെയ്ത് കോടതിയിലെത്തി; വിശദമാക്കാമോ ;

(ബി) ബ്ലേഡ് മാഫിയയുടെ പ്രവർത്തനംമൂലം ഇതിനകം സംസ്ഥാനത്ത് എത്ര മരണങ്ങളുണ്ടായി ; വിശദമാക്കാമോ ;

(സി) ഓപ്പറേഷൻ കുബേരയുടെ രണ്ടാം ഘട്ടം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ രണ്ടാം ഘട്ടത്തിൽ എന്തെല്ലാമാണ് ഉൾപ്പെടുത്തിയിട്ടുള്ള തെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് ആരംഭിച്ച ഓപ്പറേഷൻ കുബേര പരാജയപ്പെട്ടതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് 11-5-2014 മുതലാണ് 'ഓപ്പറേഷൻ കുബേര' നടപ്പിലാക്കിയത്. ഈ പദ്ധതി പ്രകാരം 2925 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2161 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 1467 കേസുകളിൽ കുറ്റപത്രം കോടതികളിൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) ബ്ലേഡ് മാഫിയയുടെ പ്രവർത്തനംമൂലം ഇതിനകം സംസ്ഥാനത്ത് 17 മരണങ്ങളുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) ഓപ്പറേഷൻ കുബേരയുടെ രണ്ടാം ഘട്ടം 17-9-2014 മുതൽ ആരംഭിച്ചിട്ടുണ്ട്. അനധികൃതമായി അമിത പലിശയ്ക്ക് പണം കടം കൊടുത്തുകൊണ്ട് ഉണ്ടായിസത്തിലൂടെയും മറ്റും സമ്മർദ്ദം ചെലുത്തി വസ്തു വകകളും മുദ്രപ്പത്രങ്ങളും ബ്ലാങ്ക് ചെക്കുകളും ഒപ്പിട്ടു വാങ്ങുകയും അത്തരം മാർഗ്ഗങ്ങളിലൂടെ സ്വത്തുവകകളും മറ്റും കൈവശപ്പെടുത്താൻ ശ്രമിക്കുന്നവർക്കെതിരെ ഈ പദ്ധതി പ്രകാരം തുടരെത്തുടരെയുള്ള റെയ്ഡുകൾ സംസ്ഥാനമൊട്ടാകെ നടത്തുകയും കുറ്റക്കാരായി കാണുന്നവർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഓപ്പറേഷൻ കുബേര**

216 (3850) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പറേഷൻ കുബേരയിൽ ഉൾപ്പെടുത്തി രജിസ്റ്റർ ചെയ്ത് കേസ്സുകളിൽ എത്ര തുകയുടെ പണമിടപാടുകൾ നടന്നിട്ടുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്;

(ബി) ഓപ്പറേഷൻ കുബേരയിൽ ഉൾപ്പെട്ട എത്ര പോലീസുദ്യോഗസ്ഥന്മാർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) ഇത്തരം കേസ്സുകളിൽപ്പെട്ട പോലീസുദ്യോഗസ്ഥന്മാർക്കെതിരെ വകുപ്പുതലത്തിൽ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly